No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# KEAM-2019

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ ഒഴിവുകൾ നികത്തുന്നതിനുമുള്ള ഓൺലൈൻ മോപ് അപ് കൗൺസലിംഗ്

2019 വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലെ സർക്കാർ/എയ്ഡഡ്/ഇതുവരെ സ്പോട്ട് അഡ്മിഷൻ നടത്താത്ത സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള ഓൺലൈൻ മോപ് അപ് കൗൺസലിംഗിന് പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി റാങ്ക് ലിസ്റ്റിലെ നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് 01.08.2019 മുതൽ 03.08.2019 ഉച്ചയ്ക്ക് 2.00 മണി വരെ പുതുതായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് 04.08.2019–ാം തീയതി വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. സർക്കാർ/ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലേയും, ശ്രീ. ചിത്തിര തിരുന്നാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് പാപ്പനംകോട്, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൊടുപുഴ, ഇടുക്കി, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി തേഞ്ഞിപ്പാലം മലപ്പുറം എന്നീ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളിലെയും എഞ്ചിനീയറിംഗ് സീറ്റുകളിലെ ഒഴിവുകളിൽ പ്രവേശനത്തിനു വേണ്ടി പുതുതായി ഓപ്ഷൻ നൽകേണ്ടതാണ്.

നിലവിലുള്ള ഒഴിവുകൾക്കു പുറമേ ആയത് നികത്തപ്പെടുമ്പോൾ ഈ ഘട്ടത്തിൽ മറ്റു കോഴ്സുകൾ/സീറ്റുകൾ ഒഴിവ് വരാൻ സാധ്യതയുള്ളതിനാൽ വിദ്യാർത്ഥികൾ ആവശ്യമുള്ള എല്ലാ കോഴ്സുകൾക്കും ഓപ്ഷൻ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. 04.08.2019 ന് നടക്കുന്ന അലോട്ട്മെന്റിനു ശേഷം വരുന്ന എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിലെ ഒഴിവുകളിൽ ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രത്യേക അറിയിപ്പോടെ സ്പോട്ട് അലോട്ട്മെന്റ്/അഡ്മിഷൻ നടത്തുന്നതായിരിക്കും.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104, 2332123

തിരുവനന്തപുരം
30.07.2019

പ്രവേശന പരീക്ഷാ കമ്മീഷണർ